LIBRARY ARCHIVES Kerala Legislative Assembly

ഭൂമി തട്ടിപ്പു കേസ്സിൽ വിജിലൻസ് ചോദ്യം ചെയ്ത ഡെപ്യൂട്ടി കളക്ടറുടെ മരണം

145 (7708) ശ്രീമതി കെ. എസ്. സലീഖ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സലിംരാജ് ഭൂമി തട്ടിപ്പുകേസ്സിൽ വിജിലൻസ് ചോദ്യം ചെയ്ത ഡെപ്യൂട്ടി കളക്ടർ പ്രസന്നകുമാറിന്റെ മരണം ദുരൂഹതയുള്ളതും കൊലപാതക വുമാണെന്ന് ആരോപിച്ച് ബന്ധുക്കൾ നൽകിയ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ദുരൂഹമരണവും ഭൂമി തട്ടിപ്പും തമ്മിൽ ബന്ധമുണ്ടോ എന്ന് പരിശോധിച്ചുവോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) ടിയാന്റെ മരണത്തെ സംബന്ധിച്ച് ആശുപത്രി അധികൃതരുടെ വിശദീകരണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത വിഷയങ്ങൾ ഡി.ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡെപ്യൂട്ടി കളക്ടർ പ്രസന്നകുമാറിന്റെ മരണം സംബന്ധിച്ച് ബന്ധുക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 813/14 U/s 174 Cr. PC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിനായി ക്രൈം ഡിറ്റാച്ചുമെന്റ് ഡി.വൈ.എസ്.പി.യെ ചുമതല പ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംഭവത്തെപ്പറ്റിയുള്ള വിശദമായ അന്വേഷണം നടത്തി വരുന്നു.

(ബി-ഡി) ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിവരുന്നു.

തൃശ്ശൂരിലെ കോൺഗ്രസ് നേതാക്കളുടെ കൊലപാതകം

146 (7709) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂരിലെ കോൺഗ്രസ് നേതാക്കളായിരുന്ന മധു ഈച്ചരത്തിന്റെയും ലാൽജിയുടെയും കൊലപാതകം രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത കൊലപാതകത്തിന് മറ്റെന്തെങ്കിലും കാരണങ്ങളും ഗൂഢാലോചനയുമുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) പ്രസ്തുത രണ്ട് കൊലപാതകങ്ങൾ സംബന്ധിച്ച് കുടുംബാംഗങ്ങളും സുഹൃത്തുക്കളും നൽകിയ മൊഴിയുടെയും പരാതികളുടെയും പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത കേസിന്റെ എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കാമോ ?